# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


---

**സ്വീകർത്താവ്,**

**ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി**
കേരള സർക്കാർ, തിരുവനന്തപുരം.

സർ,

**വിഷയം:- പൊതുവിദ്യാഭ്യാസം-തസ്തിക നിർണയം, സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പൂളിംഗ്, സൗജന്യയൂണിഫോം വിതരണം എന്നിവ സംബന്ധിച്ച്**

താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് സർക്കാർ പുറത്തിറക്കിയ ഉത്തരവുകൾ അധ്യാപകരിൽ കടുത്ത ആശങ്കയുയർത്തിയിരിക്കുന്നു. അവ പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(1) **തസ്തിക നിർണയം :-** അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുമെന്ന് നേരത്തെ സർക്കാർ നൽകിയ വാഗ്ദാനം പാലിച്ചില്ല. 1:45 അനുപാതത്തിൽ തസ്തിക നിർണയിക്കുമ്പോൾ നിരവധി അധ്യാപകർ പുറത്ത് പോകേണ്ടിവരും. തസ്തികയില്ലാതെ അധ്യാപകരെ നിലനിർത്തുമെന്ന് പറയുന്നത് ശാശ്വതമല്ല. സർക്കാർ സ്കൂളിലെ അധ്യാപകരെയടക്കം ബാങ്കിലേക്ക് മാറ്റുമെന്നും ഇതര ജോലിക്ക് നിയോഗിക്കുമെന്ന് പറയുന്നതും അംഗീകരിക്കാനാവില്ല. അനുപാതം കുറച്ച് തസ്തിക സൃഷ്ടിച്ച്, അധ്യാപകരെ സ്കൂളുകളിൽ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. വിദ്യാഭ്യാസ അവകാശനിയമത്തിൽ അനുശാസിക്കുന്നതുപോലെയുള്ള അനുപാതം കേരളീയ സാഹചര്യത്തിൽ പ്രാവർത്തികമാക്കണം.

(2) **സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പൂളിംഗ് :-** 6 മുതൽ 9 വരെ ക്ലാസുകളിൽ കുട്ടികൾ കുറവുള്ള വിദ്യാലയങ്ങളിലെ സ്പെഷ്യലിസ്റ്റ് അധ്യാപകരെ പൂൾ ചെയ്യുന്ന നടപടികൾ അവസാനിപ്പിക്കണം. കെ.ഇ.ആർ വ്യവസ്ഥ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം. 5-ാം ക്ലാസുകൂടി ഉൾപ്പെടുത്തി വേണം പിരീഡുകളുടെ എണ്ണം നിർണയിക്കേണ്ടത്. ആവശ്യമായ പിരീഡുകളില്ലാത്ത അധ്യാപകരെ ജോലിചെയ്യുന്ന വിദ്യാലയത്തിൽ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന്, കേന്ദ്രസർക്കാർ അനുവദിച്ച തുക ഫലപ്രദമായി വിനിയോഗിക്കണം. 5835 പാർട്ടൈം ഇൻസ്ട്രക്ടർമാരുടെ നിയമനം നടത്താനുള്ള ഫിന്റെ പൂളിംഗ് നിർത്തലാക്കി സ്പെഷ്യലിസ്റ്റ് അധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ അവരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

(3) **സൗജന്യയൂണിഫോം വിതരണം :-** സൗജന്യയൂണിഫോം വിതരണം സംബന്ധിച്ച് സർക്കാർ ഡിസംബർ 5 നും 13 നും ഇറക്കിയ ഉത്തരവുകളിൽ ഒട്ടേറെ അവ്യക്തതകൾ നിലനിൽക്കുന്നു. രുസെറ്റ് യൂണിഫോം വിതരണം ചെയ്യുന്നതിന് 400 രൂപയാണ് അനുവദിച്ചത്. രുസെറ്റ് യൂണിഫോം തയ്പിച്ച് നൽകുന്നതിന് ഈ തുക മതിയാവില്ല. അതുകൊണ്ട് പി.ടി.എ/എസ്.എം.സി തീരുമാനപ്രകാരം ആവശ്യമായ തുണിത്തരങ്ങൾ വാങ്ങി കുട്ടികൾക്ക് നല്കുന്നതിനാവശ്യമായ ഭേദഗതികൾ ഉത്തരവിൽ വരുത്തണം. തുണിത്തരങ്ങൾ വാങ്ങുന്നതിന് ഭീമമായ തുക എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ കൾക്ക് അഡ്വാൻസ് ചെയ്യാൻ കഴിയില്ല. അത്തരം വിദ്യാലയങ്ങളിൽ യൂണിഫോം വിതരണം സമയബന്ധിതമായി നടക്കില്ല. അതുകൊണ്ട് യൂണിഫോം തുണിത്തരങ്ങൾ വാങ്ങുന്നതിനാവശ്യമായ തുക മുൻകൂട്ടി നൽകണം. വിദ്യാലയങ്ങളിൽ ഇപ്പോൾ നിലവിലുള്ള യൂണിഫോം തുടരുന്നതിനാവശ്യമായ സൗകര്യവും ഏർപ്പെടുത്തണം.

തസ്തിക നിർണയവും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പൂളിംഗും യൂണിഫോം വിതരണവും സംബന്ധിച്ച് നിലനിൽക്കുന്ന അനിശ്ചിതാവസ്ഥയ്ക്ക് അടിയന്തിര പരിഹാരം കാണണമെന്നും കെ.എസ്.ടി.എ ആവശ്യപ്പെടുന്നു. സംഘടനയുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽവിദ്യാഭ്യാസ മേഖലയിലെ എല്ലാ പരിപാടികളിൽ നിന്നും കെ.എസ്.ടി.എ വിട്ടുനിൽക്കുമെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി